കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് - ശ്മശാന നിർമ്മാണത്തിനുള്ള പ്രോജക്റ്റ് തനത് ഫണ്ട് ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 369/2018/തസ്വഭവ തിരുവനന്തപുരം തീയതി, 07.02.2018

വായന :- 1. പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ കത്ത്

2.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ 4.26 നമ്പർ തീരുമാനം

ഉത്തരവ്

സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ 20.00 ലക്ഷം രൂപ ഉൾപ്പെടുത്തി ശ്മശാന നിർമ്മാണത്തിന് പ്രോജക്റ്റ് ഏറ്റെടുത്തിരുന്നുവെന്നും 2017-18-ൽ ഇത് സ്പിൽഓവറായി തുടരുന്നുണ്ടെന്നും 3,55,056/- രൂപയുടെ പാർട്ട് ബില്ലിന്റെ തുക പഞ്ചായത്ത് ഡയറക്ടർ നൽകിയെന്നും രണ്ടാമത്തെ പാർട്ട് ബില്ലിന്റെ തുക (8,56,872/- രൂപ) സമർപ്പിച്ചപ്പോൾ ഇനി തുക അനുവദിക്കുകയില്ല എന്നറിയിച്ചുവെന്നും ആയതിനാൽ ടി പ്രോജക്റ്റ് തനത് ഫണ്ട് ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 -ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച പ്രസ്തുത യോഗത്തിന്റെ 4.26 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്റ്റ് തനത് ഫണ്ട് ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
സെക്രട്ടറി, പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത്, കുഴിമറ്റം പി.ഒ, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ